# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/PTA/P6-1091/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 17/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P6-1091/2023 തീയ്യതി: 17/11/2023

# പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ എൻ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഷൈജു വൈ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ ജനാർദ്ദനൻ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സ്മിത റ്റി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ബിന്ദു റജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി .സുധാകുമാരി ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .അനി ഷിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 17-09-2022 |
| ശ്രീമതി. അൽക്ക എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 18-09-2022 | 11-10-2022 |
| ശ്രീമതി.ക്ലമന്റ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2022 | 18-11-2022 |
| ശ്രീമതി.കല്യാണിക്കുട്ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-11-2022 | 31-03-2023 |
| ശ്രീമതി ലേഖാ കുമാരി എം സി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ. വിൻസെന്റ് ആർ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 21-11-2022 |
| ശ്രീമതി .പ്രജീഷ ടി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22-11-2022 | 31-03-2023 |
| ശ്രീമതി .ഷീബ എസ്സ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ .രാജു മാത്യു | വെറ്ററിനറി സർജൻ | 01-04-2022 | 11-04-2022 |
| ഡോ.ലിബിൻ എൽ.എസ് | വെറ്ററിനറി സർജൻ | 12-04-2022 | 31-03-2023 |
| ഡോ. ഷാജി ബി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 31-03-2023 |
| ഡോ. ജിത എം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 29-05-2022 |
| ഡോ.ശാലിനി എസ്.നായർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 30-05-2022 | 31-03-2023 |
| ശ്രീമതി .സുധർമ്മിണി എസ്സ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി.രേഖ ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 31-01-2023 |

| | | | |
|---|---|---|---|
| ശ്രീമതി .വനജ കുമാരി വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-02-2023 | 31-03-2023 |
| ശ്രീ .പ്രശാന്ത് പി.വി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-3 |
| 5 | റിഡംപ്ഷൻ ഇനത്തിൽ കാണിച്ചിരിക്കുന്ന തുക കൃത്യമല്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-11 |
| 13 | പ്രതിമാസ ബാങ്ക് റെക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-12 |
| 14 | മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-13 |
| 15 | നീക്കി ബാക്കി തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | തനത് വിഭവ സമാഹരണം– അവലോകനം | 1-11 |
| 26 | മാവേലി സ്റ്റോറിന്റെ വാടക നാളിതുവരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-12 |
| 27 | ലൈസൻസ് ഇല്ലാതെ ആക്രിക്കട പ്രവർത്തിക്കുന്നു | 1-13 |
| 28 | വാടക പിരിവ് - പൊതുവായ അപാകതകൾ | 1-14 |
| 29 | തൊഴിൽ നികുതി പിരിവ്- അപാകതകൾ | 1-15 |
| 30 | ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 1-16 |
| 31 | തടികൾ ലേലം ചെയ്തില്ല | 1-17 |
| 32 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തീയേറ്ററിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല. | 1-18 |
| 33 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-19 |
| 34 | വസ്തു നികുതി നിർണയത്തിൽ അപാകത | 1-20 |
| 35 | പ്രവൃത്തിയിലെ അപാകം നിമിത്തം നാല് വർഷം മുമ്പ് കോൺക്രീറ്റ് ചെയ്ത റോഡ് പൊളിച്ച് വീണ്ടും നിർമ്മിക്കേണ്ടി വന്നു | 1-21 |
| 36 | മെയിന്റനൻസ് ഫണ്ട്- 78.96 ലക്ഷം രൂപ നഷ്ടപ്പെടുത്തി | 1-22 |
| 37 | മരണപ്പെട്ടവരെയും, അനർഹരെയും സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നില്ല | 1-23 |
| 38 | ജലജീവൻമിഷൻ - പദ്ധതിപ്രവർത്തനം മോണിട്ടർ ചെയ്യുന്നില്ല | 1-24 |
| 39 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തി ഉപയോഗപ്പെടുത്തുന്നില്ല | 1-25 |
| 40 | ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ | 1-26 |
| 41 | ചെട്ടിമുക്ക് - മാളിയേക്കൽപ്പടി റോഡിൽ ഐറിഷ് ഡ്രെയിൻ നിർമ്മാണം - അധിക നിരക്ക് അനുവദിച്ചു | 1-27 |
| 42 | വലിയകാവ് കൊച്ചേത്ത്പടി റോഡ് കോൺക്രീറ്റ്, സംരക്ഷണഭിത്തി - അധിക പ്രതിഫലം നൽകി | 1-28 |
| 43 | പൊതുടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് അധിക ബാധ്യത | 1-29 |
| 44 | 2022-23 വർഷം ആവിഷ്കരിച്ച പദ്ധതികൾ പൂർണ്ണമായും നടപ്പാക്കിയില്ല | 1-30 |
| 45 | KMSCL ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-31 |
| 46 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 1-32 |
| 47 | അങ്കണവാടികൾ - അവലോകനം | 1-33 |
| 48 | ഡെപ്പോസിറ്റ് റീഫണ്ടിനത്തിൽ ലഭിച്ച തുക തനത് ഫണ്ട് അക്കൗണ്ടിൽ | 1-34 |

| | | |
|---|---|---|
| | സൂക്ഷിച്ചിരിക്കുന്നു | |
| 49 | ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 1-35 |
| 50 | ശുചിമുറി നിർമ്മാണം- ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-36 |
| 51 | വിതരണം ചെയ്ത തെരുവു വിളക്കുകളിൽ മെയിന്റനൻസിന് ഉപയോഗിക്കാത്തവ തിരികെ ലഭിച്ചില്ല. | 1-37 |
| 52 | ലൈബ്രറി സെസ് അടവാക്കിയില്ല | 1-38 |
| 53 | കമ്പ്യൂട്ടറുകൾ ലഭ്യമായില്ല. | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | സമാഹൃതറിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25-07-2023 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 26-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ
17.11.2023

### 1-1-1 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- ലെഡ്ജർ ബാലൻസായി 12420228 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

## 1-1-4 റിഡംപ്ഷൻ ഇനത്തിൽ കാണിച്ചിരിക്കുന്ന തുക കൃത്യമല്ല

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ജോയിന്റ് അക്കൗണ്ടിൽ നിന്നും 914599 രൂപ, ജനറൽ പർപ്പസ് അക്കൗണ്ടിൽ നിന്നും 812320 രൂപ ഉൾപ്പെടെ 1726919 രൂപ വർഷാവസാനം സർക്കാർ കുറവ് ചെയ്തിരുന്നു. എന്നാൽ ഷെഡ്യൂൾ ബി-15 പ്രകാരം റിഡംപ്ഷൻ തുകയായി കാണിച്ചിരിക്കുന്നത് 812320 രൂപയാണ്.

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-6 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൻ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-7 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-8 നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-9 സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരം സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക്, പഞ്ചായത്തിൽ നിന്നും ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

## 1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി7 പ്രകാരം 323803 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-11 വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ നൽകിയ മുൻകൂർ തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ഹെഡ് കൃത്യമാക്കേണ്ടതാണ്.

## 1-1-12 പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

## 1-1-13 മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I(18) & I(19) എന്നിവ പ്രകാരം Prior Period Income, Prior Period Expenditure എന്നീ ശീർഷകങ്ങളിലെ ചുവടെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനം, ചെലവ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | |
|---|---|
| Prior Period Income | 60561 |
| Prior Period Expenditure | 704712 |

### 1-1-14 നീക്കി ബാക്കി തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഷെഡ്യൂൾ ബി 17 പ്രകാരം റാന്നി സബ്ബ് ട്രഷറി അക്കൗണ്ടിലെ ( അക്കൗണ്ട് നമ്പർ- 79901300000023) നീക്കി ബാക്കി തുക മൈനസ് ആയി കാണിച്ചിരിക്കുന്നു. ഇടപാടുകൾ ഇല്ലാത്ത ട്രഷറി അക്കൗണ്ടാണിത്.

### 1-2 ബജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 5-3-2022 |
| ബഡ്ജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി | 21-3-2022 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 10-3-2023 |

ബഡ്ജറ്റ് പ്രകാരമുള്ള വരവ് – ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 36566115 |
| വരവ് | 150779400 |
| ആകെ | 187345515 |
| ചെലവ് | 166088675 |
| നീക്കിയിരിപ്പ് | 21256840 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 8969535 | |
| ഓഡിറ്റ് വർഷത്തെ വരവ് | 30524841 | 88264035 |
| ആകെ വരവ് | 39494376 | 88264035 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 24691697 | 79009882 |
| നീക്കിയിരിപ്പ് | 14802679 | |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 10754000 | 10754000 | 9888316 | 865684 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 2322000 | 2322000 | 2000709 | 321291 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4251882 | 4251882 | 1717990 | Lapse-1270492 Balance-1263400 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 2682642 | 2084038 +121486 (Interest) =2205524 | 4888166 | 1768956 | Lapse-214038 Balance-2905172 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | ,, | 4570000 | 4570000 | 4090367 | 479633 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 15964000 | 15964000 | 10156287 | 5807713 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 10666 | 429 | 11095 | 0 | 11095 |
| ശബരിമല ഗ്രാന്റ് | 2186867 | 236000 | 2422867 | 957610 | 1465257 |
| ശുചിത്വ മിഷൻ | 2099464 | 0 | 2099464 | 84000 | 2015464 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 21967 | 0 | 21967 | 0 | 21967 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 501309 | 656650 | 1157959 | 386363 | 771596 |
| എം.ജി.എൻ. ആർ.ജി.എസ് | 0 | 14101607 | 14101607 | 14101607 | 0 |
| ഹെൽത്ത് ഗ്രാന്റ് | 0 | 135524 | 135524 | 0 | 135524 |
| ഹെൽത്ത് ഗ്രാന്റ്- റൂറൽ | 0 | 81082 | 81082 | 0 | 81082 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ കുറവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവായി ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട്- ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 706479 |
| ,, | അങ്കണവാടി അധിക വേതനം | 876000 |
| വികസന ഫണ്ട്- എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 182780 |

2) സി.എഫ്.സി (ബേസിക് ഗ്രാന്റ്) ഇനത്തിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ(പ്രോജക്ട് നം.80/23) എന്ന പ്രോജക്ടിലെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 1158158 രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് തുക 1232994 രൂപയാണ്. പ്രസ്തുത പ്രോജക്ടിനായി 2022-23 സാമ്പത്തിക വർഷം ചെലവഴിച്ച 74836 രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. സി.എഫ്.സി (ബേസിക് ഗ്രാന്റ്) ഇനത്തിലെ ആകെ ചെലവ് തുക 1768956 രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് തുക 1694120 രൂപയാണ്.

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| (എണ്ണം) | | | | | |
|---|---|---|---|---|---|
| 154 | 80894800 | 101 | 38537041 | 53 | 65.58 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* |
|---|---|---|---|---|
| സെക്രട്ടറി | 35 | 24 | 14469376 | 7346687 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 34 | 23022996 | 12583971 |
| കൃഷി ഓഫീസർ | 9 | 7 | 4773810 | 1606560 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 9 | 24307768 | 7452302 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 4301761 | 2953924 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 5 | 2938684 | 1930484 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 2 | 730000 | 569666 |
| പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ് | 6 | 1 | 978745 | 49150 |
| വെറ്ററിനറി സർജൻ | 13 | 12 | 4771660 | 3739876 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 304421 |
| ആകെ | 154 | 101 | 80894800 | 38537041 |

2022-23 സാമ്പത്തിക വർഷം 154 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 53 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. ആകെ അടങ്കലിന്റെ 47.64 % മാത്രമാണ് പദ്ധതി ചെലവ്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികളിൽ 50.77 % മാത്രമാണ് ചെലവുള്ളത്. അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ 78.96 ലക്ഷം രൂപയാണ് നഷ്ടപ്പെടുത്തിയത്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികളിൽ 30.66 % മാത്രമാണ് പദ്ധതി ചെലവ്. പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ആറ് പ്രോജക്ടുകളിൽ ഒരു പ്രോജക്ട് മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. ടിയാളുടെ പദ്ധതി നിർവ്വഹണത്തിലെ അപാകത പ്രത്യേക ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്. നിർവ്വഹണത്തിലെ വീഴ്ച്ച മൂലം വികസന ഫണ്ടിനത്തിൽ വൻ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഫണ്ട് നഷ്ടമായത് സംബന്ധമായ വിവരങ്ങൾ ഖണ്ഡിക 1-4 ആയി പരാമർശിച്ചിട്ടുണ്ട്. പദ്ധതി ചെലവ് എൺപത് ശതമാനത്തിൽ താഴെയാകുമ്പോൾ ഫണ്ട് ക്യാരി ഓവർ ചെയ്ത് ലഭിക്കുന്നല്ല. പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയാലും ചെലവ് തുക തൻവർഷത്തെ ഗ്രാന്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ഓരോ വർഷവും ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ അതാത് വർഷം നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതാണ്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 504585 | 504585 | 504585 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 13597022 | 13597022 | 13597022 | |
| ആകെ | 0 | 14101607 | 14101607 | 14101607 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 293400 | 20 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 1856400 | 164 |
| 3 | വിധവാപെൻഷൻ | 4629800 | 435 |
| 4 | വാർദ്ധക്യകാല പെൻഷൻ | 15296000 | 1427 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2023 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9780 രൂപ (ഒമ്പതിനായിരത്തി എഴുനൂറ്റി എൺപത് ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. മാസ്റ്റർ ഇൻക്യംബൻസി രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ എന്നിവയും കാലികമാക്കിയിട്ടില്ല. പെർമിറ്റ് ഫയലും, കെട്ടിടങ്ങളുടെ നമ്പറിംഗിനായുള്ള ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച പരിശോധനകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികളും സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

സംയുക്ത പരിശോധനയിൽ ആകെയുള്ള 159 പൊതുടാപ്പുകളിൽ 61 ടാപ്പുകൾ പ്രവർത്തിക്കുന്നതായും 98 ടാപ്പുകൾ പ്രവർത്തനരഹിതമാണെന്നും കണ്ടെത്തിയിരുന്നു. 98 ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി റാന്നി വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർക്ക് പഞ്ചായത്തിൽ നിന്നും കത്ത് നൽകിയെങ്കിലും നാളിതുവരെയായി ആയതിനുള്ള നടപടികളൊന്നും വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള വൻബാദ്ധ്യത ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഡയറക്ട് ടു ഹോം/ബാങ്ക് രീതിയിൽ ക്ഷേമപെൻഷൻ തുക കൈപ്പറ്റിയിരുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും അനർഹമായി പെൻഷൻ തുക എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുക, വ്യക്തികൾ കൈപ്പറ്റിയിട്ടില്ലെന്ന് സേവന സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായി ബാങ്കുകളിലെത്തിയ തുക തിരികെ അടവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. മരണപ്പെട്ട വ്യക്തികൾ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ തുടരുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- പഞ്ചായത്ത് യോഗനടപടിക്കുറിപ്പുകളുടെ നക്കൽ, യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി അംഗീകരിച്ച് സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും, സെക്രട്ടറി ഉടൻതന്നെ അത് സകർമ്മ അപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, അവയുടെ വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് ഏജൻസി | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 05.01.2018 മുതൽ 17.01.2018 വരെ | 2012-13 മുതൽ 2016-17 വരെ | 26.02.2018 |
| പെർഫോമൻസ് ഓഡിറ്റ് | 17.06.2022 മുതൽ 18.06.2022 വരെ | 01.01.2022 മുതൽ 31.03.2022 വരെ | ലഭ്യമാക്കിയില്ല |

## 1-11 തനത് വിഭവ സമാഹരണം- അവലോകനം

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തനത് വിഭവശേഖരണത്തിന് ആധാരമായിട്ടുള്ളത് തൊഴിൽനികുതി, വസ്തുനികുതി, വിനോദനികുതി എന്നീ നികുതിയിനങ്ങളും, വിവിധ ലൈസൻസുകൾ, ബിൽഡിംഗ് പെർമിറ്റ്, വാടക,

വിവിധ രജിസ്ട്രേഷനുകൾ തുടങ്ങിയ നികുതിയിതരയിനങ്ങളുമാണ്.

1) വസ്തുനികുതി

വസ്തുനികുതി പിരിവിനെ സംബന്ധിച്ച പൊതു നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

A) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല.

01.04.2023 തീയതി പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (കൈ) നം. 77/2023/Lsgd; 22.03.2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. സ.ഉ 25/2023/തസ്വഭവ 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് 14.07.23 ലെ 3(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് അന്തിമ വിജ്ഞാപനം 09.08.23 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ താമസംവിനാ സ്വീകരിക്കേണ്ടതാണ്.

B) വസ്തു നികുതി പിരിവ് - മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്.

| വർഷം | ഡിമാന്റ് | കളക്ഷൻ | പിരിവ് ശതമാനം |
|---|---|---|---|
| 2021-22 | 7565672 | 5939358 | 78.5% |
| 2022-23 | 7138603 | 6730694 | 94.3% |

ഡിമോളിഷ് ചെയ്ത കെട്ടിടങ്ങൾ, ആവർത്തിച്ച് ഡിമാന്റിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ എന്നിവ ഒഴിവാക്കിക്കൊണ്ട് സോഫ്റ്റ്‌വെയറിൽ ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തിയത് ഇക്കാലത്താണ്. അതിനാൽ 2022-23 ലെ ഡിമാന്റ്തുക മുൻവർഷത്തെ അപേക്ഷിച്ച് കുറയുകയും എന്നാൽ കൃത്യത വർദ്ധിക്കുകയും ചെയ്തു.

ഓരോ വർഷത്തെയും നികുതി പിരിവ് തൊട്ടടുത്തവർഷത്തെ ഗ്രാൻറിന്റെ ലഭ്യതയെ ബാധിക്കുന്നു. നികുതി ഡിമാന്റിന്റെ 90% എങ്കിലും പിരിച്ചിട്ടില്ലാത്ത തദ്ദേശസ്ഥാപനങ്ങളുടെ കാര്യത്തിൽ ശിക്ഷ എന്ന നിലയിൽ ടി സ്ഥാപനങ്ങളുടെ പട്ടിക പ്രസിദ്ധപ്പെടുത്തണമെന്നും, വികസനഫണ്ട് നൽകുന്നതിൽ 1% കുറവു വരുത്തണമെന്നുമാണ് ആറാം ധനകാര്യ കമ്മീഷൻ 8 -ാം നമ്പർ ശിപാർശ. 2022-23 മുതൽ ഇത് നടപ്പിലാക്കുമെന്ന് ജി.ഒ(എം.എസ് ) നം.179/2022 ധന.18.10.2022 പ്രകാരം സർക്കാർ അറിയിച്ചിരുന്നു. 2021-22 ൽ വസ്തു നികുതി പിരിവ് കുറഞ്ഞതിനാൽ (78.5%) പട്ടികയിൽ റാന്നി അങ്ങാടി പഞ്ചായത്ത് ഉൾപ്പെട്ടു. ജി.ഒ (ആർ.ടി) നം.1049 /23 ഫിൻ തീയതി 13.02.23 പ്രകാരം വികസനഫണ്ട് മൂന്നാം ഗഡു അനുവദിച്ചതിൽ നിന്ന് 107540 രൂപ കുറവ് വരുത്തുകയും ചെയ്തു. ഡേറ്റാ പ്യൂരിഫിക്കേഷൻ താമസിച്ചതിനാൽ ഡിമാന്റിലെ അയഥാർത്ഥമായ വർദ്ധനവ് മൂലമാണ് നികുതി കുടിശികയും വർദ്ധിച്ചത്. എന്നിരുന്നാലും ആയത് ഒഴിവാക്കി പരിശോധിച്ചാൽ തന്നെയും യഥാർത്ഥത്തിൽ കുടിശികയുള്ളതിനാലും, ഇത് സർക്കാർ നൽകുന്ന ഫണ്ടിനെ ബാധിച്ചതിനാലും , വൻകുടിശ്ശിക വരുത്തുന്നവരുടെ പട്ടിക പ്രാദേശിക സർക്കാരുകളുടെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്ന സർക്കാർ നിർദ്ദേശം (സ.ഉ (കൈ) നം. 124/2022/Lsgd; 15-06-2022) പാലിക്കാവുന്നതാണ്. കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) തൊഴിൽ നികുതി

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| തൊഴിൽ നികുതി-ജീവനക്കാർ | 833920 | 915840 | 81920 | 9.8 |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 249100 | 269300 | 20200 | 8.1 |
| സ്ഥാപനത്തൊഴിൽ നികുതി | 30000 | 31250 | 1250 | 4.16 |

മുൻ വർഷത്തെ അപേക്ഷിച്ച് ജീവനക്കാരുടെ തൊഴിൽനികുതിയിൽ 9.8 ശതമാനത്തിന്റെയും ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സിന്റെ തൊഴിൽ നികുതിയിൽ 8.1 ശതമാനത്തിന്റെയും, സ്ഥാപനത്തൊഴിൽ നികുതി ഇനത്തിൽ 4.16 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതിയുടെ കളക്ഷൻ തുക തന്നെ ഡിമാന്റായി

രേഖപ്പെടുത്തുന്ന പ്രവണതയും കാണുന്നുണ്ട്.

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, തുടങ്ങി തൊഴിൽ നികുതിയൊടുക്കുവാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലേയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

റേഷൻകടകൾക്ക് ലൈസൻസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ആയത് ഒടുക്കു വരുത്തുന്നതിന് റേഷൻകടകൾക്ക് നിർദ്ദേശം നൽകുന്നതിനായി റാന്നി സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. തൊഴിലുടമ ലഭ്യമാക്കിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി മുൻവർഷത്തെ തൊഴിൽ നികുതി പത്രികയുമായി താരതമ്യപ്പെടുത്തുന്നുണ്ട്. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് തൊഴിൽനികുതി സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണമല്ലാത്തയും അപാകതകളുള്ളതുമായ പത്രികകൾ നിരസിക്കുന്നുണ്ട്. പത്രികകളിലെ അപാകതകൾ പരിഹരിച്ച ശേഷമാണ് തൊഴിൽനികുതി സ്വീകരിക്കുന്നത്.

തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നികുതി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കാത്തതുമൂലം ഈയിനത്തിലും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാവുന്നുണ്ട്.

3) നികുതിയേതര വരവുകൾ

മുൻ വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് സ്വീകരിക്കാവുന്ന ചില നടപടികൾ ചുവടെ പറയുന്നു.

1. ഇറച്ചി വില്പനയ്ക്കുള്ള അവകാശം ലേലം ചെയ്യുന്നില്ല. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ ഇറച്ചി വിൽപ്പന നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 10.06.2019 – ൽ സിനിമാ തീയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി സർക്കാർ പുന:സ്ഥാപിച്ചെങ്കിലും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തീയേറ്ററിൽ നിന്നും വിനോദനികുതി പിരിച്ചെടുക്കാൻ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സിനിമാ തീയേറ്ററിൽ നിന്നും വിനോദനികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മാവേലി സ്റ്റോറിന്റെ വാടക നാളിതുവരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ പഞ്ചായത്ത് വക 1019, 1020 നമ്പർ കടമുറികളിൽ 2011-ൽ പ്രവർത്തനം ആരംഭിച്ച മാവേലിസ്റ്റോറിന്റെ വാടക നാളിതുവരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല. 29-7-2020 ലെ 7-1951/18 നം. നോട്ടീസ് പ്രകാരം 2017-18 മുതൽ ലഭിക്കുവാനുള്ള വാടകയായ 8,02,886 രൂപയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തുടർന്ന് 10.12.2021 ലെ സി 7-1951/18 നം. റവന്യൂ റിക്കവറി നോട്ടീസ് പ്രകാരം 12/2021 വരെയുള്ള കാലയളവിലെ വാടകയായ 5,21,372 രൂപയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്. ടി നോട്ടീസുകൾക്ക് മറുപടിയായി, സപ്ലൈകോ അസിസ്റ്റന്റ് മാനേജർ 11.01.2022 ലെ എ 5-1781/20 കത്ത് പ്രകാരം, 04/2017 മുതൽ ചതുരശ്ര അടിക്ക് 7 രൂപ നിരക്കിലും, 10/2020 മുതൽ 26-03-22 വരെ ചതുരശ്ര അടിക്ക് 10 രൂപ നിരക്കിലും വാടക നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം 389743 രൂപ ഈടാക്കുന്നതിനായി കോട്ടയം സപ്ലൈകോ റീജണൽ മാനേജർക്ക് കത്ത് (നം. C7-1951/18/7.723 ) നൽകിയതിന്റെ അടിസ്ഥാനത്തിൽ 05-08-23 ൽ 350760 രൂപ സപ്ലൈകോ റീജണൽ മാനേജർ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 38983 രൂപ പിരിച്ചൊടുക്കുവരുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ലൈസൻസ് ഇല്ലാതെ ആക്രിക്കട പ്രവർത്തിക്കുന്നു

പഞ്ചായത്തിലെ ഏഴാം വാർഡിൽ ശ്രീ അബ്ദുൾ ജബ്ബാർ, കാരക്കാട്ട്, അങ്ങാടി പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ആക്രിക്കടയിൽ, മലിനീകരണം ഉണ്ടാകുന്ന തരത്തിൽ ആക്രി സാധനങ്ങൾ അലക്ഷ്യമായി റാന്നി

വലിയകാവ് റോഡിലും, ചെമ്പൻമുഖം കോയിക്കൽപ്പടി റോഡിലും കൂട്ടിയിട്ടിരിക്കുന്നതായി നേരിട്ടുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ മുൻകൂർ അനുമതി വാങ്ങാതെയും ലൈസൻസ് എടുക്കാതെയും നിയമവിരുദ്ധമായിട്ടാണ് ടി ആക്രിക്കട പ്രവർത്തിച്ചു വരുന്നത്. ടി വിഷയത്തിന്മേൽ പഞ്ചായത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 14/20.10.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ടി വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വാടക പിരിവ് - പൊതുവായ അപാകതകൾ

പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനും മാർക്കറ്റ് ലേലത്തിന് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം നേടിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരുമായി ഗ്രാമപഞ്ചായത്ത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. കരാർ വ്യവസ്ഥകൾ എഴുതാതെ വാടകക്കാരുടെ ഒപ്പു മാത്രമുള്ള ശൂന്യമായ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഇതുമൂലം ഗ്രാമപഞ്ചായത്തിന് കഴിയാതെ വരും. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 12/20.10.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവ്- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. ഇത് അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. ആകെ 136 സ്ഥാപനങ്ങളിൽ നിന്നുമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത്. അവയിൽ ഭൂരിഭാഗവും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 170 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് നേടിയ ഭൂരിഭാഗം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. അവയിൽ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെടുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ (7 എണ്ണം) |
| 2 | നെല്ലിക്കമൺ ക്ഷീരോൽപ്പാദക സഹകരണ സംഘം |
| 3 | അക്ഷയ സെന്ററുകൾ (4 എണ്ണം) |

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പേര്, അഡ്രസ് |
|---|---|
| 1 | ശ്രീ റിൻജു പി.ജെയിംസ്, പള്ളത്തറ ഹൗസ്, നെല്ലിക്കമൺ പി.ഒ, റാന്നി |
| 2 | ശ്രീ രാജേഷ് റ്റി.സി, അങ്ങാടി, റാന്നി |
| 3 | ശ്രീ സി.ആർ.രഘു, ചരുവിൽ മുണ്ടക്കൽ, ഐത്തല, റാന്നി |
| 4 | ശ്രീ അബു മുഹമ്മദാലി, പീടികയിൽ, റാന്നി അങ്ങാടി |
| 5 | ശ്രീ അജിത് സക്കറിയ, വൈക്കത്ത്ശ്ശേരിൽ, റാന്നി |
| 6 | ശ്രീ സാജൻ ബി, ലക്ഷ്മി ഭവൻ, റാന്നി |
| 7 | ശ്രീ അസീസ് എം.എം, മുതിരക്കാലായിൽ |

| | |
|---|---|
| 8 | ശ്രീ ആകാശ് എസ് നായർ, പാടത്തുകാലായിൽ |
| 9 | ശ്രീ മജോ ജോസഫ്, ഒറ്റത്തെക്കൽ, നെല്ലിക്കമൺ പി.ഒ, റാന്നി |
| 10 | ശ്രീ അബ്ദുൾ സമദ് എം. മേപ്രത്ത്, റാന്നി അങ്ങാടി |
| 11 | ശ്രീ അബു മുഹമ്മദാലി, പീടികയിൽ, അങ്ങാടി, റാന്നി |

മേൽ പറഞ്ഞ കരാറുകാരിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായവരുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 15/20.10.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെ, തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും പൂർണ്ണമായും ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

ഓഡിറ്റ് വർഷം ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ടു ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കേരളാ പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 232, 233 പ്രകാരം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് ചട്ടങ്ങൾ) ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് എടുത്ത 170 സ്ഥാപനങ്ങളിൽ ഭൂരിഭാഗവും 2022 മെയ് മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിലാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ട്രേഡ് ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും, എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻറീട്ടെയിൽ ഷോപ്പുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഒരു റേഷൻ ഷോപ്പ് മാത്രമാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

അക്ഷയകേന്ദ്രങ്ങളും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 അക്ഷയകേന്ദ്രങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ. 5.1(5)) പരാമർശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തടികൾ ലേലം ചെയ്തില്ല

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും മുറിച്ചുമാറ്റിയ മരങ്ങളുടെ തടികൾ നാളിതുവരെ ലേലം ചെയ്തിട്ടില്ല. മരങ്ങൾ മുറിച്ച ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും 16000 രൂപ (വൗച്ചർ നം. 22100902/14.02.2022) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത മരങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ടി മരങ്ങളുടെ വാല്യുവേഷൻ സോഷ്യൽ ഫോറസ്ട്രി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, നൽകിയതിന്റെ അടിസ്ഥാനത്തിൽ 20-07-23, തീയതിയിൽ ലേലവും, 02-08-23 തീയതിയിൽ പുനർ ലേലവും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും ആയത് നടന്നിട്ടില്ല. ലേലവും, പുനർ ലേലവും നടത്തിയിട്ടും തടികൾ ലേലം ചെയ്തു പോകാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് തടികളുടെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തീയേറ്ററിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഉപാസന എന്ന സിനിമാ തീയേറ്ററിൽ ഉടമയിൽ നിന്നും നാളിതുവരെ വിനോദനികുതി പിരിച്ചു തുടങ്ങിയിട്ടില്ല. സ. ഉ (കൈ) നം.112/2019/ത.സ്വ.ഭ.വ തീയതി 31-08-2019 പ്രകാരം സിനിമാ ടിക്കറ്റിന്മേൽ 10% വിനോദനികുതി ഏർപ്പെത്താവുന്നതാണെന്നതാണെന്ന വ്യവസ്ഥ ഭേദഗതി വരുത്തുകയും, 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ പ്രാബല്യത്തീയതി 01-09-2019 മുതൽ ആണ്. ടി ഉത്തരവ് പ്രകാരം ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി, തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ, വിനോദനികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ നാളിതു വരെ ടി തീയേറ്റർ ഉടമ വിനോദനികുതി ഒടുക്കു വരുത്തിയിട്ടില്ല. വിനോദ നികുതി അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് 20-09-2022 ൽ തീയേറ്റർ ഉടമക്ക് 400364/TXE01/GPO/2022/1698/(1) നമ്പരായി നോട്ടീസ് നൽകിയെങ്കിലും നാളിതുവരെ ടിയാൻ വിനോദ നികുതി ഒടുക്കു വരുത്തിയിട്ടില്ല.

സർക്കുലർ നമ്പർ 45979/എഫ്.എം.3/2009/തസ്വഭവ തീയതി 16-12-2009 പ്രകാരം സംസ്ഥാനത്തെ സിനിമാ തീയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി ഇനത്തിൽ ലഭിക്കേണ്ട തുകയിൽ വെട്ടിപ്പ് നടക്കുന്നത് തടയുന്നതിനായി തീയേറ്ററുകളിൽ വിവിധ രീതിയിലുള്ള പരിശോധനകൾ നടത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് പ്രത്യേകം സ്റ്റാഫിനെ നിയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വ്യാജ റിട്ടേൺ സമർപ്പിക്കൽ, വ്യാജ സീൽ ഉപയോഗിക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ തീയേറ്ററിന്റെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 വർഷം 72/2022-23 നമ്പർ പ്രകാരം, ടി തീയേറ്റർ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ തീയേറ്റർ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് ഇല്ലാതെയും വിനോദ നികുതി ഒടുക്കു വരുത്താതെയും തിയേറ്റർ പ്രവർത്തിക്കുന്നത് ഭരണസമിതി ഗൗരവമായി കാണേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ 2012-13 മുതലുള്ള നിക്ഷേപ തുകകൾ റീഫണ്ട് ചെയ്യുകയോ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്യാതെ അവശേഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 79 എന്നിവ പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2012-13 മുതൽ 2019-20 വരെയുള്ള കാലയളവിലെ 40 നിക്ഷേപങ്ങളിലായി ഇപ്രകാരം 139960 രൂപയാണ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2012-13 | 1 | 3300 |
| 2014-15 | 2 | 5000 |
| 2015-16 | 1 | 2300 |
| 2016-17 | 8 | 37550 |
| 2017-18 | 11 | 34800 |
| 2018-19 | 13 | 48600 |

| | | |
|---|---|---|
| 2019-20 | 4 | 8410 |
| ആകെ | 40 | 139960 |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് കാലഹരണപ്പെട്ട ഡെപ്പോസ്റ്റുകൾ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ പാലിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഡെപ്പോസിറ്റ് തുകകൾ 2023-24 വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയോ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ ഭരണസമിതി തീരുമാനമെടുത്ത് പൂർണ്ണമായി തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 വസ്തു നികുതി നിർണയത്തിൽ അപാകത

1) മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പിന്റെ 26/02/2022 ലെ നം.ആർ.ഡി.3/94/2020 സർക്കുലർ പ്രകാരം, മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ ടവറുകളുടെ നികുതി നിർണ്ണയിക്കുന്നതിന് ടവർ ബേസ് വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കൂടി കണക്കിലെടുക്കേണ്ടതാണ്. അസസ്മെന്റ് സംബന്ധിച്ച പരിശോധനയിൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന മൊബൈൽ ടവറുകളോടനുബന്ധിച്ച് നമ്പർ നൽകിയിരിക്കുന്ന കെട്ടിടങ്ങൾ ഇതരവ്യവസായങ്ങൾക്കുള്ളത് എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു. തൻമൂലം ഈടാക്കുന്ന നികുതി വളരെ താഴ്ന്ന നിരക്കിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവർ നം | അനുബന്ധ റൂം നമ്പർ | വിസ്തീർണം | നികുതി നിർണയിക്കേണ്ട നിരക്ക് | നികുതി നിർണയത്തിൽ നൽകിയ ഉപയോഗക്രമം | നികുതി നിർണയിച്ച നിരക്ക് |
|---|---|---|---|---|---|
| 1/277 A | 1/277C, 1/277 D | 22.5 ച.മീ<br>4.244 ച.മീ | 500 | ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ളത് | 50 |
| 11/112A | 112C, D, E | 10.67 ച.മീ<br>1.5ച.മീ<br>5.36ച.മീ | 500 | ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ളത് | 50 |

2) ചുവടെ പറയുന്ന കെട്ടിടങ്ങളുടെ അസസ്മെന്റിൽ റോഡിന്റെ ഇനമനുസരിച്ച് അവയെ ഉൾപ്പെടുത്തിയിരിക്കുന്ന മേഖലയിലെ വ്യത്യാസങ്ങൾ ശ്രദ്ധയിൽ പെട്ടു.

A. ഒരേ റോഡിലുള്ള കെട്ടിടങ്ങൾ വ്യത്യസ്ഥ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| കെട്ടിട നമ്പർ | നികുതി നിർണയത്തിന് നൽകിയിരിക്കുന്ന റോഡ് തരം | നികുതി നിർണയത്തിന് നൽകിയിരിക്കുന്നമേഖല |
|---|---|---|
| 277 C | 1.5 മീറ്റർ | ദ്വിതീയം<br>(നെല്ലിമൺ - കളക്കറ്റി റോഡ്) |
| 277 D | 5 മീറ്ററോ അതിലധികമോ | പ്രഥമം<br>(നെല്ലിമൺ - കളക്കറ്റി റോഡ്) |

B. റോഡിന്റെ ഇനമനുസരിച്ച് കെട്ടിടത്തെ ഉൾപ്പെടുത്തേണ്ട മേഖലയിൽ വ്യത്യാസം

| കെട്ടിട നമ്പർ | ഉടമ | റോഡ് തരം | കെട്ടിടം ഉൾപ്പെടുത്തേണ്ട മേഖല | ഉൾപ്പെടുത്തിയ മേഖല |
|---|---|---|---|---|
| 3/309 B | മുഹമ്മദ് അനീഷ് | 1.5 മീറ്ററിൽ കൂടുതൽ(കുളത്തൂർപ്പടി | ദ്വിതീയം | തൃതീയം |

| | | | | |
|---|---|---|---|---|
| | | തുക്കോമലറോഡ്) | | |
| 4/172 A | കുര്യൻ | 1.5 മീറ്ററിൽ കൂടുതൽ(വലിയകാവ് മന്ദമരുതി റോഡ് ) | ദ്വിതീയം | തൃതീയം |
| 4/340 | സനോജ് | 5 മീറ്ററിൽ കൂടുതൽ (ഓലിൽപ്പടി - തടത്തിൽപ്പടി) | പ്രഥമം | ദ്വിതീയം |

ഇക്കാര്യങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിലേക്ക് ഓഡിറ്റ് എൻക്വയറി (നം.17, തീയതി 20.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-21 പ്രവൃത്തിയിലെ അപാകം നിമിത്തം നാല് വർഷം മുമ്പ് കോൺക്രീറ്റ് ചെയ്ത റോഡ് പൊളിച്ച് വീണ്ടും നിർമ്മിക്കേണ്ടി വന്നു

ഏഴാം വാർഡിലെ കാവുമുണ്ടകത്തിൽപ്പടി കോയിക്കൽപ്പടി കൊണ്ടളത്ത് പനവേലി റോഡ് മെയിന്റനൻസ് ചെയ്യുന്നതിന് 2085000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി അംഗീകാരം വാങ്ങി. നിലവിലുള്ള കോൺക്രീറ്റ് റോഡിന്റെ 300 M നീളത്തിൽ ഉള്ള ഭാഗത്ത് Sloping ശരിയായി ഇല്ലാത്തതിനാൽ, അതിൽ 144 M നീളത്തിൽ പഴയ റോഡ് പൊളിച്ച് മാറ്റി റോഡിന്റെ ചരിവ് ക്രമീകരിച്ച് വീണ്ടും കോൺക്രീറ്റ് ചെയ്യുക, 124 M നീളത്തിൽ ഐറിഷ് ഡ്രെയിൻ നിർമ്മാണം, 130.6 M നീളം സംരക്ഷണഭിത്തി എന്നിവയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രവൃത്തിയുടെ ഇനങ്ങൾ. ഇ-ടെണ്ടറിലൂടെ 1556309 രൂപ ക്വോട്ട് ചെയ്ത റാന്നി ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ച് 9.3.2023 ൽ കരാർ ഏൽപിച്ചു. റോഡ് റീകോൺക്രീറ്റിംഗ്, 144 മീറ്റർ നീളത്തിൽ നിലവിലുണ്ടായിരുന്ന റോഡ് പൊളിച്ച് മാറ്റൽ എന്നിവ ചെയ്തതിന് 260306 രൂപയുടെ പാർട്ട് ബിൽ മാറി നൽകി (ബിൽ റഫറൻസ് നമ്പർ 127044/ 23.3.2023 ). ബാക്കി പ്രവൃത്തികൾ നടന്ന് വരുന്നതായും, രൂക്ഷമായ വെള്ളക്കെട്ട് കാരണമാണ് കാലതാമസം ഉണ്ടായതെന്നും, പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ് എന്നും ഇത് സംബന്ധിച്ച് 19-10-2023 ൽ 9-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി.

ഇതേ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് 2018-19 ൽ S38/2019 ാം നമ്പർ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 217 M നീളത്തിൽ ചരിവ് ക്രമപ്പെടുത്തി 17.5 Cm കനത്തിൽ കോൺക്രീറ്റിംഗ് (CC 1:4:8 59.82 M3, CC 1:2:4 49.36 M3), 192 M നീളത്തിൽ താഴ്ന്ന ഭാഗം ക്വാറിമക്ക് ഇട്ട് ഉയർത്തൽ (87.49 M3), 110 M നീളത്തിൽ മണ്ണിട്ട് ഉയർത്തൽ (54.45 M3) എന്നീ ഇനങ്ങൾ ചെയ്തതിന് 552023 രൂപ ചെലവഴിച്ചിരുന്നു ( ബിൽ റഫറൻസ് നമ്പർ 1482223/ 23.3.2019) എന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. (കരാറുകാരൻ- സോമശേഖരൻനായർ. പി.വി, പടറ്റുകാലായിൽ, ഐത്തല, പഴവങ്ങാടി). ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വെള്ളം ഒഴുകിപ്പോകുന്നതിന് ഓട നിർമ്മാണത്തിന് ഇനം ഉൾപ്പെടുത്താതിരുന്നത് നിർവ്വഹണത്തിലുണ്ടായ വീഴ്ചകാരണമാണ്. ഇതുമൂലം കോൺക്രീറ്റ് ചെയ്ത റോഡിന്റെ ഭൂരിഭാഗവും പൊളിച്ച് മാറ്റേണ്ടി വന്നു. പദ്ധതിപ്പണം പാഴായത് സംബന്ധിച്ച് ഭരണതലത്തിൽ മേൽനടപടി ഉണ്ടായിട്ടുണ്ടോ എന്നും ആരാഞ്ഞ് 20-10-2023 ൽ 16 ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആദ്യത്തെ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, സാങ്കേതിക അനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഈ അപാകത്തിന് ഉത്തരവാദികളാണ്.

2018-19 ൽ നടപ്പാക്കിയ പദ്ധതിയിലെ ഗുരുതരമായ അപാകം സംബന്ധിച്ച് ഉത്തരവാദികൾക്കെതിരെ ഭരണതലത്തിൽ തുടർനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-22 മെയിന്റനൻസ് ഫണ്ട്- 78.96 ലക്ഷം രൂപ നഷ്ടപ്പെടുത്തി

മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി 2022-23 സാമ്പത്തിക വർഷം 78.96 ലക്ഷം രൂപ നഷ്ടപ്പെടുത്തി. ലഭിച്ച ഫണ്ടിന്റെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം | നഷ്ടമായ തുക |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - റോഡ് | 15964000 | 10156287 | 63.62 | 5807713 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 4570000 | 4090367 | 89.51 | 479633 |
| ആകെ | 20534000 | 14246654 | 69.38 | 6287346 |

മെയിന്റനൻസ് ഗ്രാന്റ് - റോഡ് വിഭാഗത്തിൽ ആകെ 41 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 27 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് വിഭാഗത്തിൽ ആകെ 13 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 10 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തിയ നിർമ്മാണ മേഖലയിലെ പ്രോജക്ടുകളിലാണ് തുക ചെലവഴിക്കാതെ പോയിട്ടുള്ളത്. 2022 ഡിസംബറിന് മുമ്പായി മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി സർക്കാർ ഗ്രാന്റ് പൂർണ്ണമായും ലഭിച്ചിരുന്നു. ഇപ്രകാരം തുക പൂർണ്ണമായും ലഭിച്ചുവെങ്കിലും 69.38% മാത്രമാണ് മെയിന്റനൻസ് വിഭാഗത്തിലെ ചെലവ്. പദ്ധതി ചെലവ് 80%- ത്തിൽ താഴെയായതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക ക്യാരി ഓവർ ചെയ്യുന്ന് കിട്ടുകയില്ല. തന്മൂലം പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയാലും ചെലവിനാവശ്യമായ തുക തൻവർഷത്തെ പദ്ധതി തുകയിൽ നിന്നും കണ്ടെത്തണം. ഇത് തൻ വർഷത്തെ പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കും.

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇപ്രകാരം വലിയ തോതിൽ ഓരോ വർഷവും ഫണ്ട് ലാപ്സാകുന്നതിന് കാരണമാകും . പ്രസ്തുത വിഷയം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ സത്വര ശ്രദ്ധക്കായി സമർപ്പിക്കുന്നു.

## 1-23 മരണപ്പെട്ടവരെയും, അനർഹരെയും സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന സോഫ്റ്റ്‌വെയറിലെ വിവരങ്ങളും മരണരജിസ്ട്രേഷൻ വിവരങ്ങളും പരിശോധിച്ചതിൽ നിന്ന് മരണപ്പെട്ടവരുടെയും, പുനർവിവാഹം കഴിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നവരുടെയും, മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടേയും പേരുകൾ സേവന പെൻഷൻ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായി. മരണപ്പെടുകയും, എന്നാൽ സേവന പെൻഷൻ ഡാറ്റാബേസിൽ പെൻഷൻ ഗുണഭോക്താക്കളായി തുടരുകയും ചെയ്യുവരാണ് മസ്റ്ററിംഗ് പൂർത്തിയാക്കാ തിരുന്നതെന്നാണ് വ്യക്തമാകുന്നത്. ഗ്രാമപഞ്ചായത്തിലെ ഡയറക്ട് ടു ഹോം/ബാങ്ക് രീതിയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും അനർഹമായി പെൻഷൻ തുക എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ തുക വ്യക്തികൾ കൈപ്പറ്റിയിട്ടില്ലെന്ന് സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായി ബാങ്കുകളിലെത്തിയ തുക തിരികെ അടവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. മരണപ്പെട്ട വ്യക്തികൾ ആക്റ്റീവ് പെൻഷനേഴ്സ് ലിസ്റ്റിൽ തുടരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി | അക്കൗണ്ട് മോഡ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ചിന്നമ്മ പോത്തൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200265 | ഡയറക്ട് ടു ഹോം | മരണപ്പെട്ടു |
| 2 | ജോർജ്ജ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200892 | ബാങ്ക് | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 3 | രവീന്ദ്രൻ നായർ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200237 | ഡയറക്ട് ടു ഹോം | മരണപ്പെട്ടു |
| 4 | പദ്മാക്ഷിയമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200837 | ബാങ്ക് | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 5 | എം.പി വർഗ്ഗീസ് | ഇന്ദിരാ ഗാന്ധി ദേശീയ | ******200830 | ബാങ്ക് | മസ്റ്ററിംഗ് |

| | | | | | |
|---|---|---|---|---|---|
| | | വാർദ്ധക്യകാലപെൻഷൻ | | | നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 6 | മേരിക്കുട്ടി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200338 | ബാങ്ക് | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 7 | ജോൺ വർഗ്ഗീസ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200318 | ബാങ്ക് | No Such Account |
| 8 | അമ്മിണി സാമുവൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200079 | ഡയറക്ട് ടു ഹോം | മരണപ്പെട്ടു |
| 9 | ജോർജ്ജ് വർഗ്ഗീസ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200790 | ബാങ്ക് | അക്കൗണ്ട് /ട്രാൻസ്ഫേർഡ് |
| 10 | എ.പി.ശശിധരൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200581 | ഡയറക്ട് ടു ഹോം | മരണപ്പെട്ടു |
| 11 | ഏലിയാമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******201055 | ബാങ്ക് | No Such Account |
| 12 | മാത്യൂ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******201099 | ഡയറക്ട് ടു ഹോം | മരണപ്പെട്ടു |
| 13 | മറിയാമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200437 | ഡയറക്ട് ടു ഹോം | മരണപ്പെട്ടു |
| 14 | അന്നമ്മ തോമസ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200470 | ഡയറക്ട് ടു ഹോം | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| 15 | ഭാസി കെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******201534 | ഡയറക്ട് ടു ഹോം | മരണപ്പെട്ടു |
| 16 | ലാലു സ്കറിയ ഐത്രുകുഴിയിൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******201469 | ഡയറക്ട് ടു ഹോം | മരണപ്പെട്ടു |
| 17 | പുഷ്പ സൈമൺ | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | ******400111 | ബാങ്ക് | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| 18 | അന മജയ് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ******600368 | ബാങ്ക് | പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |
| 19 | മേഴ്സിയാമ്മ ചെറിയാൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ******600354 | ഡയറക്ട് ടു ഹോം | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് |

| | | | | | |
|---|---|---|---|---|---|
| | | | | | അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| 20 | ലതാ കുമാരി .പി.ജി | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ******600479 | ബാങ്ക് | പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല |
| 21 | കുഞ്ഞുമോൾ എം കെ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ******600274 | ബാങ്ക് | പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല |
| 22 | ഓമന ഫിലിപ്പ് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ******600248 | ബാങ്ക് | അക്കൗണ്ട് /ട്രാൻസ്ഫേർഡ് |
| 23 | ഓമന ശിവദാസൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | *******600410 | ബാങ്ക് | പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല |
| 24 | ലളിത സുരേഷ് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ******600413 | ബാങ്ക് | പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല |
| 25 | സ്വപ്ന | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ******600451 | ബാങ്ക് | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| 26 | ശോശാമ്മ സഖറിയ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ******600456 | ബാങ്ക് | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |

മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും, DBT-യിൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റ് കാരണങ്ങളാലും ഇവരുടെ പെൻഷൻ ബാങ്കുകൾ തടഞ്ഞുവെക്കുന്നുണ്ടെങ്കിലും ഈ തുക സർക്കാരിലേക്ക്/പെൻഷൻ ഫണ്ടിലേക്ക് യഥാസമയം തിരികെ അടവാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. ഇവർ ഡാറ്റാബേസിൽ ആക്ടീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതിനാൽ ഇവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള തുകയും ഒരോ തവണയും സർക്കാർ ഖജനാവിൽനിന്നും ബാങ്കുകൾക്ക് അനുവദിച്ചുവരുന്നു. സഹകരണ ബാങ്കുകൾ മുഖാന്തിരം പെൻഷൻ കൈപ്പറ്റുന്നവരുടെ തുക ഇപ്രകാരം തിരിച്ചടച്ചാലും പെൻഷൻ വിതരണം ചെയ്യുന്ന ഏജന്റൻമാർക്കുള്ള കമ്മീഷൻ തിരിച്ചടക്കേണ്ടതില്ല. ഈ ഇനത്തിൽ സർക്കാർ ഫണ്ടിന് വലിയ നഷ്ടം ഉണ്ടാകുന്നുണ്ട്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തേണ്ടതും അനർഹരാണെങ്കിൽ ആക്ടീവ് പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 ജലജീവൻമിഷൻ - പദ്ധതിപ്രവർത്തനം മോണിട്ടർ ചെയ്യുന്നില്ല

53 കോടി രൂപ അടങ്കൽ വകയിരുത്തി, നിർവ്വഹണ ഏജൻസി ആയ വാട്ടർ അതോറിറ്റി തയ്യാറാക്കിയ Detailed Engineering Report പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനെത്തുടർന്ന് പഞ്ചായത്ത്, വാട്ടർ അതോറിറ്റി, പദ്ധതിയുടെ Implementing Support Agency (ISA) ആയ Solidarity Movement Of India, ഇടുക്കി എന്നിവ തമ്മിൽ 11.2.2021 ൽ ത്രികക്ഷി കരാറിൽ ഏർപ്പെട്ടു.

കരാർ പ്രകാരം ആകെ അടങ്കലിന്റെ 15 % ഒടുക്കേണ്ടതാണെങ്കിലും ഇതേവരെ ഗ്രാമപഞ്ചായത്ത് വിഹിതം ഇനത്തിൽ ഒരു രൂപ പോലും വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടില്ല. ചുവടെ പറയുന്ന ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | പ്രവൃത്തിയിനം |
|---|---|

| | |
|---|---|
| 1 | Construction Of Well Cum Pump House At Madathumpadi Kadavu |
| 2 | Laying Raw Water Pumping Main (5800 M Length) |
| 3 | Supply And Erection Of Water Pump Sets |
| 4 | Construction Of Water Treatment Plant |
| 5 | Construction Of 9 MLD Water Treatment Plant |

റോഡുകൾ കുഴിച്ച് പൈപ്പിട്ടശേഷം മണ്ണിട്ട് മൂടുകമാത്രമാണ് ചെയ്തുവരുന്നതെന്നും റോഡ് പൂർവ്വസ്ഥിതിയിൽ ആക്കാത്തതിനാൽ വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നതായും എക്സിറ്റ് മീറ്റിംഗിൽ വിശദീകരിക്കപ്പെട്ടു. കുഴിക്കുന്ന റോഡുകളിൽ Wet Mix Macadom നിരത്തി പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനായി Road Restoration Charges ഇനത്തിൽ 31.65കോടി രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കാത്തത് വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നുള്ള കരാർ ലംഘനമാണ്. എന്നാൽ ടി അപാകം പരിഹരിക്കുന്നതിനോ പദ്ധതിയിൽ മേൽസൂചിപ്പിച്ച പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതൊക്കെ പ്രവൃത്തികൾ ചെയ്ത് വരുന്നു എന്ന് വിശദമായ മോണിട്ടറിംഗ് നടത്തുന്നതിനോ നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

പദ്ധതിയുടെ മോണിട്ടറിംഗ് നടത്തുന്നതിനും, കരാറിലെ വ്യവസ്ഥ അനുസരിച്ച്, കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും ഭരണതലനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-25 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തി ഉപയോഗപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ വിട്ടുകിട്ടിയ സ്ഥാപനങ്ങളായ കൃഷി ഓഫീസ്, വി.ഇ.ഒ ഓഫീസ്, അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് എന്നിവ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കുടുംബശ്രീയ്ക്ക് സ്വന്തമായി ഓഫീസ് സൗകര്യമില്ല. പി.എച്ച്.സി വളരെ പഴയ ഒരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആവശ്യത്തിന് സൗകര്യങ്ങളില്ല. എം.എൽ.എ ഫണ്ടിൽ നിന്നും തുക വകയിരുത്തി പി.എച്ച്.സി കെട്ടിടം പണി നടന്നു വരുന്ന സാഹചര്യത്തിൽ ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറും എന്ന് പ്രതീക്ഷിക്കുന്നു. NREGS ഓഫീസ് സംവിധാനം പര്യാപ്തമല്ല. ഗ്രാമപഞ്ചായത്തിന്റെ മീറ്റിംഗ് ഹാൾ തന്നെ വളരെ ഒരു ഇടുങ്ങിയ മുറിയാണ്. സ്ഥല സൗകര്യത്തിന്റെ അപര്യാപ്തത വളരെയധികം ബുദ്ധിമുട്ടിക്കുന്ന ഒരു പഞ്ചായത്താണിത്.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി സ്ഥാപനങ്ങളെയും ജീവനക്കാരെയും തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ട് 30 വർഷം പിന്നിടുമ്പോഴും അവർക്കാവശ്യമായ ഓഫീസ് സൗകര്യം ഒരുക്കാൻ കഴിയാതിരിക്കുന്നത് ഗൗരവപൂർണ്ണമായ ഒരു വിഷയമാകുന്നു. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറിയപ്പോൾ പഴയ കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റിയിരുന്നു. പഴയ കെട്ടിടം നിലനിന്നിരുന്ന ഭാഗം ഏതാണ്ട് പതിനഞ്ച് സെന്റോളം സ്ഥലം ഉണ്ട്. നിലവിൽ ആ സ്ഥലം കാട് പിടിച്ച് കിടക്കുകയാണ്. ഈ സ്ഥലത്ത് ഒരു പുതിയ കെട്ടിടം പണിയുന്നതിനെപ്പറ്റി ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ചിന്തിക്കാവുന്നതാണ്. നിലവിൽ തനത് ഫണ്ടും വരുമാന മാർഗ്ഗങ്ങളും വളരെ കുറവായ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് ഉതകാവുന്ന വിഷയമല്ലെങ്കിലും പുതിയ കെട്ടിടം വളരെ ആവശ്യമുള്ള ഒരു വിഷയമാണ്. ആയതിനാൽ എം.എൽ.എ ഫണ്ട്,എം.പി ഫണ്ട്, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സാഹായം എന്നിവ ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം യാഥാർത്ഥ്യമാക്കിയാൽ നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ ഒരു കെട്ടിടത്തിൽ കൊണ്ടു വരാൻ സാധിക്കും. പുതിയ കെട്ടിടം എന്ന ആശയം പരിഗണിക്കുന്നതിനായി പ്രസ്തുത വിഷയങ്ങൾ ഭരണസമിതിയുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

## 1-26 ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ

| പ്രോജക്റ്റിന്റെ പേരും നമ്പരും | ഞങ്ങളും കൃഷിയിലേക്ക് (83/23) |
|---|---|
| വകയിരുത്തിയ തുക | വികസന ഫണ്ട്- 200000<br>ബ്ലോക്ക് വിഹിതം - 500000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 500000<br>മറ്റിനം- 72000<br>ആകെ - 12720000 |
| ചെലവഴിച്ച തുക | വികസന ഫണ്ട്- 200000<br>ബ്ലോക്ക് വിഹിതം - 500000 |

| | |
|---|---|
| | ആകെ - 700000 |
| ചെലവിന്റെ വിശദാംശങ്ങൾ | ബിൽ നം.4 /15-12-2022- 165000<br>ബിൽ നം.5/15-12-2022- 100000<br>ബിൽ നം.7 /10-02-2023- 235000<br>ബിൽ നം.11 /29-03-2023- 200000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രസ്തുത പ്രോജക്ട് പ്രകാരം കർഷകർക്ക് കിഴങ്ങുവർഗ്ഗ കിറ്റ്, നേന്ത്രവാഴ വിത്ത്, ജൈവവള വിതരണം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കർഷകർക്ക് നൽകുന്നതിനായി 320 കിറ്റുകളാണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കർഷകർക്ക് 320 കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നുമുള്ള ബിൽ പ്രകാരം നൽകിയിരിക്കുന്നത് 400000 രൂപയാണ്. എന്നാൽ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 500160 രൂപയാണ് (320x 1563= 500160). 500160 രൂപയുടെ ബിൽ ലഭിച്ചുവെങ്കിലും നൽകിയത് 400000 രൂപ മാത്രമാണ്. ബാക്കി തുക നൽകുന്നതിനായി പ്രോജക്ട് സ്പിൽ ഓവറാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നമ്പർ.6/23 തീയതി 17-10-2023) നൽകിയെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് കെയ്ക്കോക്ക് നൽകിയ റിക്വസ്റ്റ് പ്രകാരമുള്ള ബിൽ ആണ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളതെന്നാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് നൽകുന്ന സാധനത്തിനനുസരിച്ചല്ല കെയ്ക്കോയിൽ നിന്നും ബിൽ നൽകുന്നതെന്നാണ്.

ഒരു കിറ്റിന്റെ വില 1563 രൂപയാണ്. എന്നാൽ കിറ്റിൽ ഉണ്ടായിരുന്ന സാധനങ്ങളുടെ അളവ്, വില എന്നത് സംബന്ധിച്ച് യാതൊരു വിധ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ കിറ്റിന്റെ വിലയായ 1563 രൂപക്ക് അനുസൃതമായ സാധനങ്ങൾ കിറ്റിൽ ഉൾപ്പെട്ടിരുന്നോ എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. സാധനങ്ങളുടെ ഗുണനിലവാരം പ്രൊക്വർമെന്റ് കമ്മിറ്റിയോ മോണിറ്ററിംഗ് സമിതിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇത്തരമൊരു വാങ്ങൽ സംബന്ധിച്ച് യാതൊരു തീരുമാനവും മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് മോണിറ്ററിംഗ് സമിതി തയ്യാറാക്കിയിട്ടില്ല.കിഴങ്ങുവർഗ്ഗ കിറ്റിന്റെ വിതരണം ആവർത്തന സ്വഭാവമുള്ള ഒരു പ്രോജക്ടാണ്. വർഷങ്ങളായി ഒരേ പ്രോജക്ട് തന്നെ തുടർന്നുവരുന്നു. ചേന,ചേമ്പ്,കാച്ചിൽ, ഇഞ്ചി, മഞ്ഞൾ എന്നീ വിത്തിനങ്ങളാണ് എല്ലാ വർഷവും കർഷകർക്ക് നൽകുന്നത്. ഒരു വർഷം ഫലപ്രദമായി കൃഷി ചെയ്താൽ കർഷകർക്ക് തന്നെ തൊട്ടടുത്ത വർഷം അവരുടെ വിളവിൽ നിന്ന് തന്നെ നല്ല വിത്തിനങ്ങൾ ലഭിക്കുകയും ഫലപ്രദമായി കൃഷി തുടരുകയും ചെയ്യാം. എന്നാൽ അപ്രകാരമൊന്നും ചെയ്യാതെ എല്ലാ വർഷവും വൻ തുക മുടക്കി ഒരേ സ്ഥാപനത്തിൽ നിന്ന് തന്നെ ഒരേ വിത്തിനങ്ങൾ ഉൾപ്പെട്ട കിറ്റ് വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നു. ആയതിനാൽ ഇപ്രകാരം ആവർത്തന സ്വഭാവമുള്ളതും ഉൽപ്പാദനക്ഷമം അല്ലാത്തതുമായ പ്രോജക്ട് ഏറ്റെടുക്കാതിരിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതും നടപ്പ് വർഷത്തെ പദ്ധതി നടത്തിപ്പിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ സമഗ്രമായി പരിശോധിക്കേണ്ടതുമാണ്.

2) കർഷകർക്ക് വിതരണം ചെയ്യുന്നതിനായി നേന്ത്രവാഴവിത്തുകൾ വാങ്ങിയത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുമാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 6667 വാഴവിത്തുകളാണ് കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. വാഴക്കന്നുകളുടെ വിലയായി 100000 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇപ്രകാരം തുക നൽകിയെങ്കിലും ആയതിന് അനുസൃതമായി ബിൽ സൂക്ഷിച്ചിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നമ്പർ.6/23 തീയതി 17-10-2023) നൽകിയെങ്കിലും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിനോ തൃപ്തികരമായി മറുപടി ലഭ്യമാക്കുന്നതിനോ സാധിച്ചിട്ടില്ല. ആയതിനാൽ വ്യക്തമായ രേഖകളുടെ (ബില്ലിന്റെ) അഭാവത്തിൽ ചെലവ് തുകയായ 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ചെട്ടിമുക്ക് - മാളിയേക്കൽപ്പടി റോഡിൽ ഐറിഷ് ഡ്രെയിൻ നിർമ്മാണം - അധിക നിരക്ക് അനുവദിച്ചു

ചെട്ടിമുക്ക് - മാളിയേക്കൽപ്പടി റോഡിൽ ഐറിഷ് ഡ്രെയിൻ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് അധിക നിരക്ക്

അനുവദിച്ചു. ഓഡിറ്റ് ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് അധികം നൽകിയ പ്രതിഫലം തിരികെ ഈടാക്കി.

ആറാം വാർഡിലെ ചെട്ടിമുക്ക് - മാളിയേക്കൽപ്പടി റോഡിന്റെ 61 മീറ്റർ നീളത്തിൽ 0.8 മീറ്റർ വീതിയിലും 12.5 Cm കനത്തിലും ഇരുവശങ്ങളിലുമായി ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയത്. ഓപ്പൺ ടെണ്ടറിലൂടെ എസ്റ്റിമേറ്റ് നിരക്കിൽ സമർപ്പിക്കപ്പെട്ട ശ്രീ മജോ ജോസഫിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തിക്ക് കരാർ നൽകി. 16.3.2023 ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം 128593 രൂപയാണ് (ബിൽ റഫറൻസ് നമ്പർ 1401952/ 18.3.23).

പ്രവൃത്തിയുടെ ഭാഗമായി ഐറിഷ് ഡ്രെയിൻ 61 മീറ്റർ നീളത്തിലും 12.5 Cm കനത്തിലും ഇരുവശങ്ങളിലുമായി 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്തതിന് (ഇനം 75.8.1.1 1) ക്യൂബിക് മീറ്ററിന് 8400.78 രൂപ എന്ന നിരക്കിൽ 102490 രൂപ പ്രതിഫലം നൽകി. Form Work കൂടി ഉൾപ്പെട്ട ഇനത്തിന്റെ നിരക്ക് ഇപ്രകാരം അനുവദിച്ചത് ക്രമപ്രകാരമല്ല. Form Work ഒഴിവാക്കിയ ഇനമായ 75.8.1.1.A പ്രകാരമുള്ള നിരക്കായിരുന്നു ഈ പ്രവൃത്തിക്ക് അനുവദിക്കേണ്ടിയിരുന്നത്. അപാകം സംബന്ധിച്ച് 19.10.23 ൽ 9 ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെത്തുടർന്ന്, തെറ്റായ നിരക്ക് അനുവദിച്ചതുവഴി അധികം നൽകിയ പ്രതിഫലം 4652 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയശേഷം വിശദാംശം ലഭ്യമാക്കി (രസീത് നമ്പർ 1230101659/ G030503 തീയതി 20-10-2023).

അപാകം ഒഴിവാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വലിയകാവ് കൊച്ചേത്ത്പടി റോഡ് കോൺക്രീറ്റ്, സംരക്ഷണഭിത്തി - അധിക പ്രതിഫലം നൽകി

വലിയകാവ് കൊച്ചേത്ത്പടി റോഡ് കോൺക്രീറ്റ്, സംരക്ഷണഭിത്തി എന്ന പ്രവൃത്തിക്ക് അധിക പ്രതിഫലം നൽകി. ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെ ചെയ്ത സംരക്ഷണഭിത്തി നിർമ്മാണത്തിന് ടി ഇനത്തിന്റെ നിരക്ക് കൂടി അനുവദിച്ചതും, Form Work ചെയ്യാതെ ആയതിന്റെ നിരക്ക് നൽകിയതും ആണ് അപാകത്തിനിടയാക്കിയത്.

20 മീറ്റർ നീളത്തിൽ DR കെട്ട്, കലുങ്കിന് Hand Rail സ്ഥാപിക്കൽ, 161.9 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങൾ. ഇ-ടെണ്ടറിൽ 381966 രൂപ ക്വോട്ട് ചെയ്ത ശ്രീ സോമശേഖരൻ നായർ.പി.വി എന്ന കരാറുകാരനെ പ്രവൃത്തി ഏൽപിച്ചു. 10.11.2022 ൽ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ആകെ മൂല്യം 449087 രൂപയാണ് (ബിൽ റഫറൻസ് നമ്പർ 1008391/ 5.1.2023) . പ്രവൃത്തിയുടെ ഭാഗമായി DR Masonry With Hard Stone, Including Bond Stone (ഇനം 75.7.1) എന്നയിനം (20 M നീളം) 18.57 M3 അളവിൽ ചെയ്തതിന് ടിയാൻ ക്വോട്ട് ചെയ്ത 3280 രൂപ നിരക്കിൽ 69637 രൂപ പ്രതിഫലം നൽകി. കൂടാതെ 51.96 M3 അളവിൽ Plain Cement Concreting For Road Work (Cc 1:2:4) With Form Work (ഇനം 75.8.1) എന്നയിനം ചെയ്തതിന് (161.9 M നീളം) 285780 രൂപ നൽകി. എന്നാൽ ഡി.ആർ കെട്ടിന് Bond Stone ഉപയോഗിച്ചിട്ടില്ല എന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. കോൺക്രീറ്റിംഗിന്റെ ഭാഗമായുള്ള Form Work റോഡിന്റെ ഒരു വശത്ത് ചെയ്തിട്ടില്ല എന്നും ടി ഇനം ചെയ്ത മറുവശത്ത് 6 M നീളം Form Work ഒഴിവാക്കിയതായും ഭൗതിക പരിശോധനയിൽ കണ്ടു. 167.9 M നീളത്തിൽ Form Work ചെയ്തിട്ടില്ലെങ്കിലും ആയതിന്റെ നിരക്ക് കൂടി അനുവദിച്ചിട്ടുണ്ട്. ചെയ്യാത്ത ഇനത്തിന്റെ നിരക്ക് അനുവദിച്ചത് സംബന്ധിച്ച് 20-10-2023 ൽ 10-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻ ക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല

ഇപ്രകാരം കരാറുകാരന് നൽകിയ അധിക പ്രതിഫലം കണക്കാക്കേണ്ടതും കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-29 പൊതുടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് അധിക ബാധ്യത

237 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2022 മാർച്ച് മാസത്തിലെ ഡിമാന്റ് തുകയായ 108882 രൂപയാണ് അവസാനമായി ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള കുടിവെള്ള വിതരണ പദ്ധതിയിൽ നിന്നുമാണ് ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെയും കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. നിലവിലെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ അതത് വാർഡുകളിൽ പരിശോധന നടത്തി 61 ടാപ്പുകൾ പ്രവർത്തിക്കുന്നതായും 98 ടാപ്പുകൾ പ്രവർത്തനരഹിതമാണെന്നും കണ്ടെത്തി. 23.07.2021 ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. വാട്ടർ അതോറിറ്റി റാന്നി സബ് ഡിവിഷനും പഞ്ചായത്തിലെ ജനപ്രതിനിധികളും ചേർന്ന് 15.06.2022, 16.06.2022 തീയതികളിലായി നടത്തിയ സംയുക്ത പരിശോധനയിൽ 159 പൊതുടാപ്പുകളേ നിലവിൽ പ്രവർത്തിക്കുന്നുള്ളുവെന്നും ബാക്കിയുള്ളവ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തുകയും ചെയ്തു. പ്രവർത്തനരഹിതമായ ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി റാന്നി വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർക്ക് പഞ്ചായത്തിൽ നിന്നും കത്ത് നൽകിയെങ്കിലും നാളിതുവരെയായി ആയതിനുള്ള നടപടികളൊന്നും വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല.

സംയുക്ത പരിശോധന പ്രകാരം 159 ടാപ്പുകളുടെ വെള്ളക്കരമാണ് 2022 ആഗസ്റ്റ് മാസം മുതൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു വരുന്നത്. ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കം ചെയ്ത്, ഉപയോഗയോഗ്യമായതിന്റെ തുക മാത്രം ഉൾപ്പെടുത്തി ബില്ലുകൾ ക്രമീകരിച്ച നൽകിയെങ്കിൽ മാത്രമേ തുക ഒടുക്കാൻ കഴിയുകയുള്ളൂ എന്ന സാഹചര്യമാണ് നിലവിൽ പഞ്ചായത്തിലുള്ളത്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും നിലവിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതിനാൽ വെള്ളക്കര കുടിശ്ശികയിനത്തിൽ ഭീമമായ തുക പഞ്ചായത്തിന്റെ ബാധ്യതയായി മാറിയിരിക്കുകയാണ്. 2023 ഒക്ടോബർ മാസം 159 ടാപ്പുകളുടെ കുടിശ്ശിക 5914688 രൂപയാണ്. നിലവിലെ സാഹചര്യത്തിൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കു മാത്രം കരം ഒടുക്കുന്നതിനോ പ്രതിമാസ ഡിമാന്റു തുക അടവാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 2022-23 വർഷം ആവിഷ്കരിച്ച പദ്ധതികൾ പൂർണ്ണമായും നടപ്പാക്കിയില്ല

2022-23 വർഷം ഹെഡ് മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം (പ്രൊജക്ട് നമ്പർ - 59/23

2. തുല്യതാ പഠനം (പ്രൊജക്ട് നമ്പർ - 61/23

3. അംഗീകൃതക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് വിതരണം (പ്രൊജക്ട് നമ്പർ - 62/23

4. വായനശാലക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ (പ്രൊജക്ട് നമ്പർ - 66/23

5. തുല്യതാ പഠനം (സ്പിൽ ഓവർ) (പ്രൊജക്ട് നമ്പർ - 25/23

6. എസ്.സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നമ്പർ - 223/23

2022-23 വർഷം, തുല്യതാ പഠനം (സ്പിൽ ഓവർ) എന്ന പദ്ധതി മാത്രമാണ് 50000 രൂപ അടങ്കൽ വച്ചതിൽ 49170 രൂപ ചെലവഴിച്ച് പൂർത്തീകരിച്ചത്. സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, തുല്യതാ പഠനം എന്നീ പദ്ധതികൾ 2022-23 വർഷം നടപ്പിലാക്കാതെ 2023-24 വർഷം സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ട്. എസ്.സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി സ്പിൽ ഓവറായി അംഗീകാരം വാങ്ങിയിരുന്നെങ്കിലും നിലവിലും തുക ചെലവഴിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾ യഥാസമയം നടപ്പാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 5/17.10.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പാക്കുന്നതിനും ഫണ്ട് ലാപ്സാക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 KMSCL ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങുന്നതിനും, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്നു വാങ്ങുന്നതിനും, അതിദരിദ്രർക്ക് ചികിത്സാ സഹായം നൽകുന്നതിനുമായി 1263600 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു 2022-23 ൽ നൽകിയിരുന്നു. വിശദാംശം താഴെപ്പറയുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ബിൽ നമ്പർ/തീയതി | ഒടുക്കിയ തുക | ലഭ്യമായ മരുന്നുകളുടെ വില | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്നും ഉപകരണങ്ങളും വാങ്ങൽ | CB No. 4/22-23 15-09-22 | 425581 | 351866 | 73715 |
| | | CB No. 7/22-23 15-11-22 | 574419 | 16433 | 557986 |
| 2 | അതിദരിദ്രർക്ക് ചികിത്സാ സഹായം നൽകൽ | CB No. 10/22-23 24-01-23 | 50000 | 18065 | 31935 |
| 3 | പാലിയേറ്റീവ് കെയർ | CB No. 12/22-23 | 213600 | 166063 | 47537 |

| | | | | | |
|---|---|---|---|---|---|
| | | 28-02-23 | | | |
| | ആകെ | | 1263600 | 552427 | 711173 |

ഇപ്രകാരം ആകെ 711173 രൂപയുടെ മരുന്നുകൾ KMSCL ൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.18/20.10.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് വർഷം രണ്ട് തവണ മാത്രമാണ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കിയത്.

ഇതോടൊപ്പംതന്നെ 14-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

## 1-33 അങ്കണവാടികൾ - അവലോകനം

ഗ്രാമപ്പഞ്ചായത്തിൽ ആകെ 20 അങ്കണവാടികളാണുള്ളത്. ഇതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ 8 എണ്ണം മാത്രമാണ്. 10 എണ്ണം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 2 എണ്ണം വാടക രഹിതമാണ്. 6 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. 20 അങ്കണവാടികൾക്കും ടോയിലറ്റ് ഉണ്ടെങ്കിലും, ഒരു അങ്കണവാടിക്ക് പോലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ല. 17 അങ്കണവാടികൾക്ക് പൈപ്പ് ലൈനും, 3 അങ്കണവാടികൾക്ക് കിണറും ഉണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കുണ്ട്. ത്തുളിമൺ (സെന്റർ നമ്പർ 35), ചവറുംപ്ളാവ് (സെന്റർ നമ്പർ 32) എന്നീ അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം ലഭ്യമാണ്. ടി സ്ഥലങ്ങളിൽ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ അടിസ്ഥാന ആവശ്യങ്ങളായ സ്വന്തമായി കെട്ടിടം, പാചകത്തിനുള്ള പാത്രങ്ങൾ എന്നീ ആവശ്യങ്ങളും നിറവേറ്റുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ഡെപ്പോസിറ്റ് റീഫണ്ടിനത്തിൽ ലഭിച്ച തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതും വിവിധ കാരണങ്ങളാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്നതുമായ പ്രവൃത്തികളുടെ ഡെപ്പോസിറ്റ് തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നു. ലഭിച്ച തുക നിലവിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക ഡെപ്പോസിറ്റ് ചെയ്ത കാലയളവ് | തുക | തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 1 | 2019-20 (3 പ്രവൃത്തികൾക്ക്) | 1184000 | 18-05-2022 |
| 2 | 2021-22 ( 1 പ്രവൃത്തി) | 350400 | 14-06-2022 |
| | ആകെ | 1534400 | |

തിരികെ ലഭിച്ച തുക ജൽജീവൻ മിഷൻ പ്രോജക്റ്റിനായോ മറ്റ് കുടിവെള്ള പ്രോജക്റ്റിനായോ ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം ഉപയോഗിക്കാൻ കഴിയുന്നില്ലായെങ്കിൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-35 ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം മൂന്ന് അക്കൗണ്ടുകൾ ഇടപാടുകൾ ഇല്ലാതെ നിഷ്ക്രിയമായി തുടരുന്നുണ്ട്. ഇവ വരൾച്ച, സാക്ഷരത എന്നിവയുമായി ബന്ധപ്പെട്ട അക്കൗണ്ടുകളാണ്.

| ക്രമ നം | അക്കൗണ്ടിന്റെ വിശദാംശം | 31-03-2023-ലെ നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | Ranni Angadi Co-operative Bank ( 1236) | 1236 |
| 2 | Ranni Angadi Co-operative Bank ( 4430) | 11095 |
| 3 | Ranni Angadi Co-operative Bank ( 4646) | 29890 |

മുകളിൽ പറഞ്ഞ പ്രകാരം ഇടപാടുകൾ ഇല്ലാതെ തുടരുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-36 ശുചിമുറി നിർമ്മാണം- ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

2021-22 സാമ്പത്തിക വർഷം വ്യക്തിഗത കക്കൂസ് നിർമ്മാണം എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ആദ്യഗഡു തുകയായ 6000 രൂപ കൈപ്പറ്റിയ ഒൻപത് ഗുണഭോക്താക്കൾ നാളിതുവരെ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സി.എം ജോസഫ്<br>ചേന്നമല<br>നെല്ലിക്കാമൺ | 6000 | 16-11-2021 |
| 2 | കുഞ്ഞമ്മ<br>ആഞ്ഞിലിമൂട്ടിൽ<br>മണ്ണാറത്തറ | 6000 | 16-11-2021 |
| 3 | വി.പി വൽസല<br>വട്ടമല<br>ഉന്നക്കാവ് | 6000 | 16-11-2021 |
| 4 | ലീലാമ്മ.പി.എ<br>പള്ളിപ്പറമ്പിൽ<br>വലിയകാവ് | 6000 | 16-11-2021 |
| 5 | സൗദാമിനി.എം,വി<br>കാരാമയിൽ<br>ഈട്ടിച്ചുവട് | 6000 | 16-11-2021 |
| 6 | മത്തായി ജോൺ | 6000 | 16-11-2021 |
| 7 | ചരുവിൽ വീട്<br>നെല്ലിക്കാമൺ | 6000 | 16-11-2021 |
| 7 | സുരേഷ് കുമാർ.സി.എൻ<br>ചരിവുകാലായിൽ<br>നെല്ലിക്കാമൺ | 6000 | 16-11-2021 |
| 8 | തങ്കപ്പൻ.പി.എം<br>പനംപ്ലാക്കൽ | 6000 | 16-11-2021 |

| | | | |
|---|---|---|---|
| | പൂവൻമല | | |
| | ആകെ | 48000 | |

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി വ്യക്തിഗത കക്കൂസ് നിർമ്മാണം എന്ന പ്രോജക്ട് സ്പിൽ ഓവറായി തുടർന്നിരുന്നു. ഇവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും 29-07-2023 നോട്ടീസ് നൽകിയിരുന്നുവെങ്കിലും പണിപൂർത്തീകരിച്ചിട്ടില്ല. മുകളിൽ പറഞ്ഞ ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-37 വിതരണം ചെയ്ത തെരുവ് വിളക്കുകളിൽ മെയിന്റനൻസിന് ഉപയോഗിക്കാത്തവ തിരികെ ലഭിച്ചില്ല.

പ്രോജക്ട് നം. 49/22-23 പ്രകാരം 710 പോസ്റ്റുകളിൽ തെരുവ് വിളക്കുകൾ മാറിയിടുന്നതിന് / മെയിന്റനൻസ് കരാർ എടുത്തത്, ശ്രീ.അനിൽകുമാർ കെ.വി എന്ന വ്യക്തിയാണ്. പ്രോജക്ട് നം. 99/22-23 പ്രകാരം 831 എൽ.ഇ.ഡി ബൾബുകളും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് 600 എൽ.ഇ.ഡി ബൾബുകളും (പ്രോജക്ട് നം.53/22-23) തൻവർഷം വാങ്ങിയിട്ടുണ്ട്. 831 തെരുവ് വിളക്കുകൾ വാങ്ങിയതിൽ 12 വാർഡുകൾക്ക് (വാർഡ് 2 ഒഴികെ) 63 ബൾബുകൾ വീതം ആകെ 756 എണ്ണം വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം 710 എൽ.ഇ.ഡി ബൾബുകൾ 01/23 വരെ പോസ്റ്റുകളിൽ മാറിയിട്ടിട്ടുണ്ട്. ബാക്കി 46 എണ്ണം തിരികെ നൽകിയിട്ടില്ല. സ്റ്റോക്കിൽ ബാക്കി വന്ന 75 എണ്ണം എൽ.ഇ.ഡി ബൾബുകൾ ശബരിമല തീർത്ഥാടനത്തിനോടനുബന്ധിച്ച് വാങ്ങിയ തെരുവ് വിളക്കുകളുടെ കൂടെ ചേർത്ത് ആകെ 675 ബൾബുകളിൽ 661 എണ്ണം (46 എണ്ണം വീതം 12 വാർഡുകൾക്കും 109 എണ്ണം 2-ാം വാർഡിനും)വിതരണം ചെയ്തു. ഇതിൽ 600 ബൾബുകൾ മാറ്റിയിട്ടിട്ടുണ്ട്. ബാക്കി 61 ബൾബുകൾ തിരികെ നൽകിയിട്ടില്ല.

തെരുവുവിളക്ക് മെയിന്റനൻസിന്റെ ഭാഗമായി എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | വാങ്ങിയ തെരുവ് വിളക്കുകളുടെ എണ്ണം | സ്റ്റോക്കിൽ ചേർത്ത തെരുവ് വിളക്കുകളുടെ എണ്ണം | സ്റ്റോക്ക് പ്രകാരം വാർഡുകളിലേക്ക് വീതിച്ച എണ്ണം | സ്റ്റോക്കിലുള്ള ബാക്കി എണ്ണം (3-4) | പോസ്റ്റുകളിൽ മാറിയിട്ട ബൾബുകളുടെ എണ്ണം | ബാക്കി (4-6) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 99/22-23 | 831 | 831 | 756 | 75 | 710 | 46 |
| 53/22-23 | 600 | 675 | 661 | 14 | 600 | 61 |
| | | | | | | 107 |

കരാറുകാരൻ കൈപ്പറ്റിയതിൽ ഉപയോഗിക്കാതെ ബാക്കി വന്ന 107 ബൾബുകൾ തിരികെ ലഭിച്ചിട്ടുണ്ടോയെന്ന വിവരം അറിയിക്കുന്നതിനും, പൊതുവിൽ ഒരു വർഷം വരെ ലൈഫ്സ്പാൻ ഉള്ള തെരുവുവിളക്കുകൾ ഇത്രയധികം മാറിയിട്ടത് വ്യക്തമാകുന്നതിന് ഓരോ വാർഡിലുമുള്ള തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളുടെ എണ്ണം ലഭ്യമാക്കുന്നതിനും എൻക്വയറി (നം.11 തീയതി. 19.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഉൾപ്പെടെ 312 രൂപ നിരക്കിലാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്ന് എൽ. ഇ.ഡി ബൾബുകൾ വാങ്ങിയിരിക്കുന്നത്. അതായത് കരാറുകാരന്റെ കൈവശമുള്ള ബൾബുകളുടെ ആകെ മൂല്യം 33384 രൂപയാണ്. ആയതിനാൽ പഞ്ചായത്തിലെ ഇരുട്ടകറ്റുന്നതിന് വാങ്ങിയ തെരുവുവിളക്കുകളുടെ വാങ്ങലും വിതരണവും രേഖപ്പെടുത്തലുകളും കൃത്യമാക്കേണ്ടതും ബാക്കി വന്ന ബൾബുകൾ ഉപയോഗത്തിൽ വരുത്തി ക്രമപ്പെടുത്തുകയോ തിരികെ വാങ്ങി പഞ്ചായത്ത് സ്റ്റോക്കിൽ ചേർക്കുകയോ ചെയ്യേണ്ടതാണ്.

### 1-38 ലൈബ്രറി സെസ് അടവാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30- നകവും രണ്ടാം ഗഡു നവംബർ 30- നകവുമാണ് അടക്കേണ്ടത്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ.10088/എൽ 3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-9 പ്രകാരം 273718 രൂപ ലൈബ്രറി സെസ് ഇനത്തിൽ ബാധ്യതയായി കാണിച്ചിരുന്നു. പ്രസ്തുത തുക നാളിതുവരെ അടവാക്കിയിട്ടില്ല. 2021-22 വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 223468 രൂപ അടവാക്കാൻ ബാക്കിയുണ്ടായിരുന്നു. ചെക്ക് നമ്പർ 2454651 തീയതി 07-06-2022 പ്രകാരം 198572 രൂപ അടവാക്കിയിരുന്നു. 2022-23 വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 248822 രൂപയും മുൻ വർഷത്തെ ബാക്കി തുകയായ 24896 രൂപ ഉൾപ്പെടെ വർഷാവസാനം അടവാക്കാൻ ബാക്കിയുണ്ടായിരുന്ന തുകയായ 273718 രൂപയാണ് അടയ്ക്കാനുള്ളത്. തുക അടിയന്തിരമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-39 കമ്പ്യൂട്ടറുകൾ ലഭ്യമായില്ല.

പ്രോജക്ട് നം. 79/22-23
കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

വിവിധ സ്ഥാപനങ്ങളിൽ നിന്ന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും 364153 രൂപ (ബിൽ നം. 52, 10.10.22) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കെൽട്രോണിന്റെ പ്രൊഫോമ ഇൻവോയ്സ് (Ref:TVM/ITBG /P1/RC/40837/20-21 Dtd. 25.08.22) പ്രകാരം 2 ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് 109908 രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിന് 21.10.23 ലെ 19 -ാം നമ്പർ എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലഭിക്കുന്ന മുറയ്ക്ക് ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 66022 | 197/22-23<br>വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം | 66022 | 0 |
| ജില്ലാ പഞ്ചായത്ത് | 88030 | 197/22-23<br>വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം | 88030 | 0 |
| ജില്ലാ പഞ്ചായത്ത് | 289630 | 22/22-23<br>പാലിയേറ്റീവ് കെയർ | 289630 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 28500 | 189/22-23<br>ലൈഫ് ഭവന പദ്ധതി(എസ്.സി) | 28500 | 0 |
| ജില്ലാ പഞ്ചായത്ത് | 160000 | 189/22-23<br>ലൈഫ് ഭവന പദ്ധതി(എസ്.സി) | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 247635 | 10/22-23<br>അങ്കണവാടി പോഷകാഹാരം | 247635 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | 10/22-23<br>അങ്കണവാടി പോഷകാഹാരം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 247500 | 68/22-23<br>പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 247500 | 0 |
| ജില്ലാ പഞ്ചായത്ത് | 478665 | 29/22-23<br>ടേക്ക് എ ബ്രേക്ക് | 478665 | 0 |
| ജില്ലാ പഞ്ചായത്ത് | 730890 | 26/22-23<br>4 -ാം വാർഡിലെ 125 -ാം നമ്പർ അങ്കണവാടി കെട്ടിടനിർമാണം | 730890 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | 95/22-23<br>ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 75000 | 95/22-23<br>ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 75000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ചുവടെ പറഞ്ഞിരിക്കും വിധം നിർവഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | ചെലവ് തുക | ബിൽ നം, തീയതി | അപാകത |
|---|---|---|---|
| 80/22-23<br>റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 1158158 (സുലേഖ)<br>74836 (ഇ ഗ്രാം സ്വരാജ് പോർട്ടൽ മുഖേന മാത്രം)<br>(ധനകാര്യ കമ്മിഷൻ അവാർഡ്) | 75, 21.11.22 650168<br>171, 14.02.23<br>507990<br>XVFC/22-23/P13, 17.02.23 50941,<br>XVFC/22-23/P15 17.02.23 23895) | ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 38/22-23<br>ചവറംപ്ലാവ് കുടിവെള്ള | 1541600<br>(ധനകാര്യ | 182,06.03.23 | ധന വിനിയോഗ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| പദ്ധതി ഡിസ്ട്രിബ്യൂഷൻ പൈപ്പ് സ്ഥാപിക്കൽ (SO) | കമ്മീഷൻ അവാർഡ്) | | ഹാജരാക്കിയില്ല |
| 40/22-23<br>റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്തിലെ 2, 7 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 360962 | | ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പയെടുത്ത തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 3784000 | 0 | 889259 | -- | 28944741 |

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2012-13 | 3-5 | 8476 | ശ്രീമതി സംഗീത പദ്മരാജൻ | 122010312/7-12-2022 |
| 1999-2000 | 3(16) | 14 | സെക്രട്ടറി, റാന്നി അങ്ങാടി പഞ്ചായത്ത് | 1230101205/ 14-8-22 |
| 2021-22 | 2 | 4182 | ശ്രീ രാജേഷ് ഡി, വി.ഇ.ഓ | 1220103039/ 5-12-22 |
| ആകെ | | 12658 | | |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 സമാഹൃതറിപ്പോർട്ട്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(7) | 2006-07 | 3.18.1 | തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | തടസ്സപ്പെടുത്തുന്നു. | |
| 2002-03 | 3(9) | 2006-07 | 3.18.1 | സെക്രട്ടറിയുടെ പ്ളാൻ പി ഡി ചെലവ്- വൗച്ചറുകളും ഫയലുകളും ഹാജരാക്കിയില്ല.139277 രൂപ തടസ്സപ്പെടുത്തുന്നു. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2002-03 | 3(12) | 2006-07 | 3.18.1 | വ്യക്തിഗത സഹായം - വിവധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2002-03 | 3(17) | 2006-07 | 3.18.1 | സാക്ഷരത – ചെലവ് വിവരം രേഖപ്പെടുത്തിയിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2007-08 | 3(1) | 2010-11 | 5.5.3(1) | ക്രമരഹിതവും അനധികൃതവുമായ ചെലവ് - പഞ്ചായത്ത് ഫണ്ടിന്റെ ദുർവ്യയം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2007-08 | 3(37) | 2010-11 | 5.5.3(2) | നെല്ലിക്കമൺ നീർത്തട പദ്ധതി - സമയ ബന്ധിതമായി പൂർത്തീകരിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(1) | | | മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(2) | | | അനർഹർക്ക് വസ്തു നികുതി ഇളവ് നൽകി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(2) | | | തൊഴിൽ നികുതി പിരിവിലെ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ) | 88264035 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79009882 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 100000 | ശ്രീമതി ഷീബ എസ്. (കൃഷി ഓഫീസർ) |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷീബ എസ്. (കൃഷി ഓഫീസർ) | കൃഷി ഓഫീസർ, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | വാറുവിള വീട്, കൊടകളം, ഇലകമൺ പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/5/98 തീയതി 07.04.1999 | 4 (3-12, 3-15(a) ,3-15(b), 3-18 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി3/154/98 തീയതി 28.11.2000 | 29(1), 29(2) ഒഴികെയുള്ള ഖണ്ഡികകളെല്ലാം |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി4/752/04 തീയതി 06.05.05/07.07.05 | 2-1, 2-3, 2-6 ഒഴികെയുള്ള ഖണ്ഡികകളെല്ലാം. |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/475/98 തീയതി 06.11..09/09.12.99 | |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/298/99 തീയതി 30.09.2000/02.11.2000 | |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/187/2000 തീയതി 02.11.01/31.01.02 | 3-2, 3-3, 3-4, 3-5, 3-6, 3-7 ഇവ ഒഴികെയുള്ള മുഴുവൻ ഖണ്ഡികകളും |
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി4/752/04 തീയതി 01.08.05/03.10.05 | 2-1, 2-8 എന്നിവ ഒഴികെയുള്ള ഖണ്ഡികകളെല്ലാം. |
| 1999-2000 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/234/02 തീയതി 21.06.03 | 8 ഖണ്ഡികകൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു. |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/418/03 തീയതി 15.10.03 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/419/03 തീയതി 15.10.03/02.08.2004 | അദാലത്തിൽ മറുപടി ലഭ്യമാക്കിയില്ല |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/698/05 തീയതി 07.01.06/05.05.2006 | 18(2-1,2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-17 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4/246/06 തീയതി 05.10.06/07.11.07 | 12 (3-1, 3-3, 3-6, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-19, 3-21, 3-26) |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/534/06 തീയതി 19.02.07/30.11.07 | 6 (2-4, 2-5, 2-16, 2-17, 2-18, 2-19) |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി4/170/07 തീയതി 04.02.08 | 8 ( 2-3, 3-5, 3-9, 3-10, 3-13, 3-14, 3-17, 3-19) |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി4/973/07 തീയതി 31.07.08/30.08.08 | 14(1-1, 1-2, 1-3, 3-2, 3-11, 3-12, 3-13, 3-15, 3-16, 3-18, 3-19, 3-20, 3-21, 3-23) |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി5/446/10 തീയതി 08.09.10/08.10.10 | 24( 3-10, 3-11, 3-13, 3-14, 3-17, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-34, 3-35, 3-36, 3-38 |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി.6/305/13 തീയതി 16.05.13/13.08.14 | 10(1-1, 3-1, 3-4, 3-5, 3-8, 3-10, 3-11, 3-12, 3-13, 3-14) |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6/306/2013 തീയതി 16.05.13/ 13-08-2014 | 10(1-1, 3-1, 3-2, 3-3(b),3-15, 3-12, 3-8, 3-9, 3-10, 3-11) |
| 2012-13 | കെ.എസ്.എ.പി.റ്റി.എ-പി6/1203/14 തീയതി 26-03-2015/20.5.2015 | 5(2-3, 3-1, 3-5, 3-7, 3-10) |
| 2013-14 | കെ.എസ്.എ.പി.റ്റി.എ-പി6/487/16 തീയതി 04-05-2016 | 4(2-1, 2-3(3), 3-2,3-8) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ-പ6/681/16 തീയതി 21-06-2016 | 5( 2-1(CAR), 2-2(CAR), 2-6, 3-1, 3-5) |
| 2015-16 | കെ.എസ്.എ..പി.റ്റി.എ-പി6/1288/16 തീയതി 02-12-2016 | 2( 2-2(CAR), 3-20, 3-23, 3-24) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ-പി6/1111/17 തീയതി 23-09-2017 | 7( 1-9, 2-2, 2-3(d), 2-5, 2-6, 3-5, 3-13) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/1631/18 തീയതി 10.01.2019 | 1(3-6) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി6/926/2019 തീയതി 05.12.2019 | 21 (1-14, 1-18, 1-19, 1-20, 1-24, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-36, 1-37, 1-38, 1-39, 4-3, 4-8, 4-11) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി6 – 659/2021 തീയതി 26.10.2021 | 13 (1-4, 1-12, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 3-1, 4-2) |
| 2020-21 | കെ.എസ്സ്.എ.പിറ്റി.എ.പി 6 – 660/21 26.10.2021 | 18 (1-2, 1-4, 1-13, 1-14, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-30, 4-2, 4-7, 4-9, 4-10) |
| 2021-22 | കെ.എസ്.എ.പി.റ്റി.എ P6/1376/22 , 24.01.23 | 18 (1-2,1-4,1-11,1-12,1-13,1-14,1-15,1-16,1-17, 1-18,1-19,1-21,1-22, 1-23,1-24,1-25, 4-2, 4-10) |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 25-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the RANNI ANGADY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of RANNI ANGADY Grama Panchayat for the year 2022-2023

Date: 17/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of RANNI ANGADY Grama Panchayat for the Year 2022-2023.

**1.Major Observations**

Non- disclosure of Assets âÂÂ Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

**2.Other Observations**

1) Ratios as mentioned in the kerala panchayathi raj accounting rules, rule 62 is not submitted along with annual financial statement.

2)The details of capital work in progress shown in schedule B âÂÂ 11(B) are not produced by Assistant Engineer. So the accuracy of capital work in progress amount in AFS could not be ascertained

3) Actual r edemption amount is Rs. 1627919. Instead of this amount an amount of Rs.812320 is shown as receivables from government.

4) Cash Flow Statement âÂÂ Net increase/ decrease in cash flow does not match with differnce betwen opening balance and

closing balance

5) Lapses in making timely and accurate demand entries inrespect of Tax and Non tax revenues

6) Demand registers of property tax does not match with the corresponding figures in annual financial statement.

7) Monthly Bankreconcilation is not prepared and hence the balance amount in the Central finance commission grant as per schedule B4 does not match with the balance amount in the respective bank account

8)The amount received for execution of joint venture projects from district and block panchayat does not match with the amount in respective treasury account.

9) The deposit register is not updated

10) Liability amount shown in schedule B-18 is not regulated as per utilisation certificates.

11) Monthly Bank reconciliation statement not prepared

12) Lack of authenticated journal vouchers for supporting the adjustment entries recorded in âÂÂPrior period itemsâÂÂ

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്